3.	Trichur Malayalam Library		Rs.	84.
4.	Do	English do	,,	300.
5.	Irinjalakkuda (from 1104)	do	,,	100.
6.	Kattur Library		,,	30.
7.	Cranganur	do	,,	100.
8.	Ernakulam	do	,,	600.

(f) Vide Appendix I to the Legislative Council Proceedings of the Budget Session of 1102, Vol. III, Part 18.

Liquor shops in Chattedom.

304. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—(a) ചേന്ദമംഗലം വില്ലേജിൽപ്പെട്ട ചാത്തേടം എന്ന ചെറിയ ദേശത്ത എത്ര മദ്യഷാപ്പുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന സദയം പറയുമൊ?

(b) ചാത്തേടം എത്രകണ്ട് വിസ്തീർണ്ണമുള്ള പ്രദേശമാണെന്ന പറയുവാൻ ദയവുണ്ടാകുമൊ?

മിസ്റ്റർ സി. വി. അന്തോണി.—(a) ഒരു കള്ളുഷാപ്പും, ഒരു ചാരായഷാപ്പും.

(b) ഉദ്ദേശം ഒരു നാഴിക നീളവും കാൽ നാഴിക വീതിയും.

Arappu Thodu.

305. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—കൊടുങ്ങല്ലൂരിലെ ഏററവും അടിയന്തിരമായ അറപ്പുതോട് പണി കാലെക്കൂട്ടി ആരംഭിക്കുവാൻ ഗവമ്മെണ്ട് വേണ്ട ഏർപ്പാട ചെയ്തിട്ടുണ്ടൊ എന്ന സദയം അറിയിക്കുമൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—ഈ പണിക്കുള്ള എസ്റ്റിമേററ് തയ്യാറാക്കി വരുന്നുണ്ട്.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—അറപ്പ തോടിന്റെ പണി എപ്പോഴാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്? എത്രമാസത്തിനകം സാധിക്കും?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—ഇപ്പോൾ ചെയ്യുവാൻ വിചാരിക്കുന്ന പണി മുഴുവനും തീർക്കുവാൻ രണ്ടുമൂന്ന കൊല്ലം വേണ്ടിവരും.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—എപ്പോൾ പണി ആരംഭിക്കും?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—ഒരു മാസത്തിനകം ആരംഭിക്കുവാൻ സാധിക്കുമെന്നാണ് തോന്നുന്നത്.

The conduct of a teacher in the Pathinettarayalam primary School.

306. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—(a) പതിനെട്ടരയാളം പ്രൈമറി സ്കൂളിലെ ഒരു അദ്ധ്യാപകൻ തന്റെ ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടിയെ മറെറാരു കുട്ടിയെകൊണ്ട തല്ലിച്ച് ശി

LIBRARY ARCHIVES Kerala Legislative Assembly

ക്ഷിച്ചു വിവരം ഡയറക്ടരുടെ അറിവിൽ പെട്ടിട്ടുണ്ടോ എന്നു പറയുവാൻ ദയവുണ്ടാകുമോ?

(b) ഉണ്ടെങ്കിൽ പ്രസ്തുത അദ്ധ്യാപകന്റെ മേൽ വല്ലനടപടിയും നടത്തിയിട്ടുണ്ടോ എന്നു സദയം അറിയിക്കുമോ?

റാവു സാഹിബ്ബു മാസ്റ്റർ സി. മത്തായി.—(a) ഉവ്വ്.

(b) ഒരു മുസ്സലിം കുട്ടി തന്റെ അടുക്കൽ ഇരുന്നിരുന്ന ഈഴവകുട്ടിയെ 'പന്നി' എന്നു വിളിച്ചതിനാൽ അതിനു തക്കതായ ശിക്ഷ കുട്ടിയെ അടിച്ചു വേദനിപ്പിക്കുകയല്ലെന്നും എന്നാൽ കുട്ടിക്കു ആക്ഷേപമുണ്ടാകത്തക്കവിധത്തിൽ അയാളെ പരസ്യമായി മറെറ കുട്ടിയെകൊണ്ടു ശിക്ഷിപ്പിക്കയാണെന്നും ഉപാദ്ധ്യായനതോന്നുകയാൽ അപ്രകാരം ചെയ്തതാണ്. വേദനയുണ്ടാകുതക്കവിധത്തിൽ അടിച്ചില്ല. മേലാൽ ഹെഡ്മാസ്റ്ററുടെ അറിവോടുകൂടാതെ യാതൊരു ശിക്ഷയും ക്ലാസ്സ മാസ്റ്റർ ചെയ്യുകൂടായെന്നു താക്കീത ചെയ്തിട്ടുണ്ട്.

മാസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ—ഒരു ജാതിക്കാരനായ ഒരു കുട്ടിയെ മറെറാരു ജാതിക്കാരനായ ഒരു കുട്ടിയെക്കൊണ്ടു ശിക്ഷിപ്പിച്ചു എന്നതല്ല, ആക്ഷേപം. ഒരു അദ്ധ്യാപകനു മറെറാരു കുട്ടിയെകൊണ്ടു ശിക്ഷിപ്പിക്കാമോ എന്നാണ് അറിയേണ്ടതു?

റാവു സാഹിബ്ബു മാസ്റ്റർ സി. മത്തായി.—പാടില്ല; അങ്ങിനെ ചെയ്തിച്ചതുകൊണ്ടു. അദ്ധ്യാപകനെ താക്കീതു ചെയ്തിട്ടുണ്ടന്നല്ലെ പറയുന്നതു?

മാസ്റ്റർ. എ. കെ. കുഞ്ഞുമൊയ്തീൻ.—ഇതിലേയ്ക്കു നിയമം എന്താണ്?

റാവുസാഹിബ്ബു മാസ്റ്റർ സി. മത്തായി. ക്ലാസ്സുമാസ്റ്റർക്കു കുടികുട്ടികളെ ശിക്ഷിക്കാൻ പാടില്ല- ഹെഡ്മാസ്റ്റർക്കു മാത്രമെ പാടുള്ളു.

മാസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—അങ്ങിനെയിരിക്കെ ഈ നിയമലംഘനത്തിനു വല്ല നടപടിയും നടത്തിയിട്ടുണ്ടോ?

റാവുസാഹിബ്ബു മാസ്റ്റർ സി. മത്തായി.—ചെയ്യാതിരുന്നിട്ടില്ല.

മാസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—മേലാൽ അപ്രകാരം ചെയ്യാതിരിക്കുന്നതിനു വേണ്ട നടപടികളും വല്ലതും നടത്തിയൊ?

റാവുസാഹിബ്ബു മാസ്റ്റർ സി. മത്തായി.—ഒന്നാമത്തെ പ്രാവശ്യം ആയതുകൊണ്ടു താക്കീതു ചെയ്കമാത്രമെ ഉണ്ടായിട്ടുള്ളു.

Heads of Departments staying in Government buildings.

307. Mr. T. A. Ramachandra Ayyar.—Will the Government be pleased to state the names of Heads of Departments who have resided in Government buildings while in Headquarters or in camp in 1104, with the names of the buildings?

LIBRARY ARCHIVES Kerala Legislative Assembly